*PROSPECTUS 2025-26*



KERALA AGRICULTURAL UNIVERSITY

# PG DIPLOMA IN FOOD INDUSTRY MANAGEMENT & QUALITY CONTROL

*PROSPECTUS 2025-26*



**Visit for submitting applications online >www.admissions.kau.in**

**AGRI BUSINESS INCUBATOR, DEPARTMENT OF AGRICULTURAL ENGINEERING COLLEGE OF AGRICULTURE, KERALA AGRICULTURAL UNIVERSITY VELLANIKKARA-680 656, Ph:0487 2438332**

## INTRODUCTION (ആമുഖം)

The food processing and quality control sector is undergoing rapid transformation, driven by technological innovation, evolving consumer preferences, and growing global concerns over food safety and sustainability. As the demand for safe, high-quality, and ethically produced food continues to rise, skilled professionals in food industry management and quality control will play a pivotal role in shaping the future of food systems. The Diploma in Food Industry Management and Quality Control is a comprehensive program designed to equip students with the practical skills and theoretical knowledge necessary for managing operations in the food industry while ensuring strict adherence to quality and safety standards.

The State-of-the-art facility in Food Processing at Agri Business Incubation Centre of Kerala Agricultural University with five processing lines, would make the aspirants techno-managerial individuals, who will learn mission-critical skills in entrepreneurship development, food processing, quality analysis, laboratory accreditation, nutrition and food technology, cold chains, and food quality and safety management in the food industry. This program is ideal for individuals seeking careers as entrepreneurs, food industry managers or supervisors, quality assurance specialists, research and development professionals, consultants to food entrepreneurs and in DPR (Detailed Project Report) preparation, or those pursuing higher studies in food processing and quality control. Through a balanced mix of classroom instruction, hands-on training, industry exposure, and a project in new product development, students will develop the competence to meet current and emerging challenges in the food sector.

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തേയും ഗുണമേന്മയെയും സംബന്ധിച്ച് ഇന്നത്തെ ഉപഭോക്തൃസമൂഹം ഏറെ ശ്രദ്ധാലുക്കളാണ്. സുരക്ഷിതവും ഉയർന്ന ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, ഈ മേഖലയിലെ പ്രൊഫഷണലുകൾക്ക് ഭക്ഷ്യ സംസ്കരണ മേഖലയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുവാനാകും. ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് ഭക്ഷ്യ വ്യവസായങ്ങളിലെ വിവിധ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാനപരവും പ്രായോഗികവുമായ അറിവ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തരത്തിലാണ് ഫുഡ് ഇൻഡസ്ട്രി മാനേജ്മെന്റ് ആൻഡ് ക്വാളിറ്റി കൺട്രോൾ പി ജി ഡിപ്ലോമ

പ്രോഗ്രാമിന്റെ പാഠ്യപദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ്സ് ഇൻക്യൂബേറ്ററിലുള്ള അഞ്ചു ഭക്ഷ്യസംസ്കരണ ശൃംഖലകളോടു കൂടിയ അത്യാധുനിക സൗകര്യം ഉദ്യോഗാർത്ഥികൾക്ക് സാങ്കേതികപരവും പ്രായോഗികവുമായ അറിവ് നേടിക്കൊടുക്കുന്നു. സംരംഭകത്വം, ഭക്ഷ്യ സംസ്കരണം, ഗുണനിലവാര പരിശോധന, ലബോറട്ടറി അക്രെഡിറ്റേഷൻ, ന്യൂട്രിഷൻ, ഫുഡ് ടെക്നോളജി, കോൾഡ് ചെയിൻ, ഭക്ഷ്യ  സുരക്ഷാ ഗുണനിലവാര സംവിധാനം തുടങ്ങിയ വിവിധ മേഖലകളിൽ അറിവ് കരസ്ഥമാക്കാൻ ഇത്  ഉദ്യോഗാർത്ഥികളെ സഹായിക്കും. സംരംഭകർ, ഭക്ഷ്യ വ്യവസായ മാനേജർമാർ അല്ലെങ്കിൽ സൂപ്പർവൈസർമാർ, ഗുണനിലവാര സംരക്ഷണ വിദഗ്ധർ, ഗവേഷകർ, കൺസൾട്ടന്റ് (ഭക്ഷ്യ സംരംഭകത്വ വികസനവും സമഗ്ര പദ്ധതി രേഖ തയ്യാറാക്കലും) തുടങ്ങിയ മേഖലകളിൽ കരിയർ തിരഞ്ഞെടുക്കുന്നവർക്കും ഭക്ഷ്യ സംസ്കരണത്തിലും ഗുണനിലവാര നിയന്ത്രണത്തിലും ഉപരി പഠനം ആഗ്രഹിക്കുന്നവർക്കും അനുയോജ്യമായ തരത്തിലാണ് പാഠ്യപദ്ധതി ഒരുക്കിയിരിക്കുന്നത്. ഭക്ഷ്യ സംസ്കരണ  ഗുണ നിലവാര നിയന്ത്രണ മേഖലയിൽ അടിസ്ഥാനപരമായ അറിവും, പ്രായോഗിക പരിശീലനവും, ഭക്ഷ്യ സംരംഭങ്ങളിൽ നേരിട്ടുള്ള  പ്രവർത്തനങ്ങളും നൂതന ഉത്പ്പന്ന വികസനവുമായി ബന്ധപ്പെട്ട പ്രൊജക്റ്റും അടങ്ങിയ സമഗ്രമായ പാഠ്യപദ്ധതിയിലൂടെ  ഭക്ഷ്യ മേഖലയിലെ നിലവിലുള്ളതും ഉയർന്നുവരുന്നതുമായ വെല്ലുവിളികളെ നേരിടാൻ  വിദ്യാർത്ഥികൾ പ്രാപ്തരാകും.

## COURSE OBJECTIVES

- To provide foundational knowledge in food science, novel food processing technologies, operation and maintenance of food processing equipment, DPR preparation, and food safety management.
- To cultivate entrepreneurship skills in students through capacity-building programs, awareness of government schemes, financial support, and startup incubation facilities.
- To develop techno-managerial competencies for efficiently and sustainably managing operations and supply chains within the food industry.
- To ensure a thorough understanding of national and international food safety and quality control standards (e.g., FSSAI, ISO, HACCP).
- To train students in quality assurance techniques, laboratory testing, and inspection procedures.
- To provide industry exposure that prepares students to become socially responsible managers, quality control professionals, consultants, and entrepreneurs.
- To foster analytical thinking and problem-solving skills essential for addressing quality-related challenges in food production and distribution.

## കോഴ്സ് ലക്ഷ്യങ്ങൾ

- ഭക്ഷ്യശാസ്ത്രം, നൂതന ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യകൾ, ഭക്ഷ്യ സംസ്കരണ ഉപകരണങ്ങളുടെ പ്രവർത്തനവും പരിപാലനവും, ഡിപിആർ തയ്യാറാക്കൽ, ഭക്ഷ്യ സുരക്ഷാ മാനേജ്മെന്റ് എന്നിവയിൽ വിദ്യാർത്ഥികൾക്ക് ശക്തമായ അടിത്തറ നൽകുക.
- പരിശീലന പരിപാടികൾ, സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവബോധം, സാമ്പത്തിക സഹായം, സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ സൗകര്യങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളിൽ സംരംഭകത്വം വികസിപ്പിക്കുക.
- ഭക്ഷ്യ വ്യവസായങ്ങളിലെ വിവിധ പ്രവർത്തനങ്ങളും വിതരണ ശൃംഖലകളും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി സാങ്കേതിക-മാനേജുമെന്റ് കഴിവുകൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക
- ദേശീയ, അന്തർദേശീയ ഭക്ഷ്യ സുരക്ഷ, ഗുണനിലവാര നിയന്ത്രണ മാനദണ്ഡങ്ങളെക്കുറിച്ച് (ഉദാ: **FSSAI, ISO, HACCP**) സമഗ്രമായ ധാരണ വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കുക
- ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന, പരിശോധനാ നടപടിക്രമങ്ങൾ, ലബോറട്ടറി ടെസ്റ്റിംഗ്, എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക
- വിദ്യാർത്ഥികളെ ഭക്ഷ്യ സംസ്കരണ മേഖലയിൽ ഉത്തരവാദിത്തമുള്ള മാനേജർമാർ, ഗുണനിലവാര നിയന്ത്രണ പ്രൊഫഷണലുകൾ, കൺസൾട്ടന്റുകൾ, സംരംഭകർ എന്നിവരാകാൻ സജ്ജമാക്കുന്നതിനായി ഭക്ഷ്യ വ്യവസായങ്ങളിൽ നേരിട്ടുള്ള പ്രവൃത്തി പരിചയം നൽകുക.
- ഭക്ഷ്യോൽപ്പാദനത്തിലും വിതരണത്തിലും ഗുണനിലവാരവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടുന്നതിനുള്ള വിശകലന ശേഷിയും പ്രശ്നപരിഹാര കഴിവുകളും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക.

## COURSE CONTENT

The curriculum has been developed to blend theoretical foundations with industry-relevant skills across food processing technologies, quality control systems, safety standards, and management practices. The course is further strengthened by experiential learning through practical sessions, case studies, and project-based assignments.

## പാഠ്യപദ്ധതിയുടെ ഉള്ളടക്കം

ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യകൾ, ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, മാനേജ്മെന്റ് രീതികൾ, സംരംഭകത്വ വികസനം എന്നിവയിൽ

സൈദ്ധാന്തികവും പ്രായോഗികവുമായ അടിത്തറ നൽകി വിദ്യാർത്ഥികളെ സജ്ജമാക്കുന്ന വിധത്തിലാണ് പാഠ്യപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രായോഗിക പരിശീലനം, കേസ് സ്റ്റഡികൾ, പ്രോജക്റ്റ് അധിഷ്ഠിത അസൈൻമെന്റുകൾ എന്നിവയിലൂടെയുള്ള ഈ മേഖലയിൽ പ്രാവീണ്യം നേടിയെടുക്കാൻ പാഠ്യപദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് സാധിക്കുന്നു.

**The details of course (കോഴ്സിന്റെ വിശദാംശങ്ങൾ):**

| | | |
|---|---|---|
| **a** | Name of the Course<br>കോഴ്സിന്റെ പേര് | Post Graduate Diploma in Food Industry Management and Quality Control<br>ബിരുദാനന്തര ബിരുദ ഡിപ്ലോമ- ഭക്ഷ്യ വ്യവസായ മാനേജ്മെന്റും ഗുണനിലവാര നിയന്ത്രണവും |
| **b** | Name of the Institution<br>സ്ഥാപനത്തിന്റെ പേര് | Agri Business Incubator, College of Agriculture, Kerala Agricultural University, Vellanikkara<br>അഗ്രി ബിസിനസ്സ് ഇൻക്യൂബേറ്റർ, കാർഷിക കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര |
| **c** | Number of Seats<br>സീറ്റുകളുടെ എണ്ണം | 20 students per year<br>പ്രതിവർഷം 20 വിദ്യാർത്ഥികൾ |
| **d** | Duration of the Course<br>കോഴ്സിന്റെ ദൈർഘ്യം | 1year (2 semesters)<br>1 വർഷം (2 സെമസ്റ്ററുകൾ) |
| **e** | Eligibility<br>യോഗ്യത | Graduation in Agriculture/Food/Life Science/BBA<br>കാർഷിക/ഭക്ഷ്യ/ജീവശാസ്ത്ര അനുബന്ധ വിഷയങ്ങളിലേതെങ്കിലുമുള്ള ബിരുദം /ബിബിഎ |
| **f** | **Fee Structure** | |
| | Admission Fee<br>പ്രവേശന ഫീസ് | Rs.5,000/-<br>അയ്യായിരം രൂപ |
| | College caution deposit (refundable - One-time payment)<br>കോളേജ് കോഷൻഡിപ്പോസിറ്റ് (തിരികെ നൽകുന്ന വ്യവസ്ഥയിൽ ഒറ്റത്തവണ മാത്രം) | Rs.10,000/-<br>പതിനായിരം രൂപ |

| | | |
|---|---|---|
| | Semester Tuition Fee<br>സെമസ്റ്റർ ട്യൂഷൻ ഫീ | ₹50,000/-per semester<br>സെമസ്റ്ററിന് അമ്പതിനായിരം രൂപ. |
| **g** | Medium of Instruction<br>പഠന മാധ്യമം | English<br>ഇംഗ്ലീഷ് |
| **h** | Accommodation<br>താമസ സൗകര്യം | Candidates have to make their own arrangements for boarding and lodging<br>അപേക്ഷകർ സ്വന്തമായി താമസ ഭക്ഷണ സൗകര്യം ഒരുക്കേണ്ടതാണ്. |

*The fee will be subject to revision from time to time at the discretion of the University

ഫീസ് സർവ്വകലാശാലയുടെ വിവേചനാധികാരത്തിനു അനുസൃതമായി യഥാകാലങ്ങളിൽ പരിഷ്കരിക്കപ്പെടാം.

**SELECTION (തിരഞ്ഞെടുപ്പ്)**

The selection of candidates will be based the on academic merit.
അപേക്ഷാർത്ഥികളുടെ തിരഞ്ഞെടുപ്പ് അക്കാദമിക് മികവിനെ അടിസ്ഥാനപ്പെടുത്തിയാണ്.

**SYSTEM OF TEACHING AND EVALUATION (അധ്യാപനവും മൂല്യനിർണ്ണയവും):**

Credit-based semester system with the existing pattern of the Kerala Agricultural University.
കേരള കാർഷിക സർവകലാശാലയുടെ നിലവിലുള്ള മാതൃക പ്രകാരമുള്ള ക്രെഡിറ്റ് അടിസ്ഥാനത്തിലുള്ള സെമസ്റ്റർ സമ്പ്രദായം.

**RESERVATION (സംവരണം)**

Admission to the academic programs of the Agricultural University is based on the reservation criteria
prescribed by the Government of Kerala.

കാർഷിക സർവകലാശാലയിലെ അക്കാദമിക് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം കേരള സർക്കാരിന്റെ റിസർവേഷൻ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും.

**GENERAL CONDITIONS**

- All candidates who take admission and discontinued the course shall be liable to pay **liquidated damages** (equal to 50 percentage of annual fee) to the University, as per the existing rules.

- Only Indian Nationals are eligible to apply for this programme. If, at any point during or after admission, it is found that the candidate is not a citizen of India, their admission will be forfeited. They shall be subjected to legal action as per law. Applicants whose place of birth and/or prior education is from a foreign country must submit supporting evidence, such as Indian passport.

പൊതു നിബന്ധനകൾ

- പ്രവേശനം നേടുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്ന എല്ലാ ഉദ്യോഗാർത്ഥികളും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച്, സർവകലാശാലയ്ക്ക് **ലിക്വിഡേറ്റഡ് നഷ്ടപരിഹാരം** (വാർഷിക ഫീസിന്റെ 50 ശതമാനത്തിന് തുല്യമായത്) നൽകാൻ ബാധ്യസ്ഥരാണ്.
- ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ ഈ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. പ്രവേശന സമയത്തോ അതിനുശേഷമോ ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷാർത്ഥി ഇന്ത്യൻ പൗരൻ അല്ലെന്ന് കണ്ടെത്തിയാൽ പ്രവേശനം റദ്ദാക്കുന്നതും സർക്കാർ അനുശാസിക്കുന്ന നിയമനടപടികൾക്ക് വിധേയരാകേണ്ടിവരുന്നതുമാണ്. ജനനവും മുൻ വിദ്യാഭ്യാസവും വിദേശ രാജ്യത്ത് ആയിരുന്ന അപേക്ഷാർത്ഥികൾ ഇന്ത്യൻ പൗരത്വം തെളിയിക്കുന്ന രേഖകൾ (ഇന്ത്യൻ പാസ്പോർട്ട്) പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്.

**Pradhan Mantri Vidhyalaxmi Scheme**
(For Educational Loan)

- Applicants on admission in the university may apply for educational loan through **pmvidyalaxmi.co.in** portal, if required.
- ഭാരത സർക്കാരിന്റെ പി എം വിദ്യാലക്ഷ്മി സ്കീം പോർട്ടൽ **pmvidyalaxmi.co.in** വഴി വിദ്യാഭ്യാസ വായ്പക്കായി അപേക്ഷിക്കാവുന്നതാണ്.

**For more details about the Course, contact**

DR. K.P SUDHEER
Professor & Head, KAU Agri Business Incubator

Dept.of Agricultural Engineering, College of Agriculture,
KAU, Vellanikkara
Email: cohagengg@kau.in
Mobile: 9778436265/9447689466

**കോഴ്സിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ബന്ധപ്പെടുക**

ഡോ. കെ പി സുധീർ
പ്രൊഫസർ ആൻറ് ഹെഡ്
കാർഷിക എഞ്ചിനീയറിംഗ് വിഭാഗം
കാർഷിക കോളേജ്
കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര
ഇമെയിൽ: cohagengg@kau.in
മൊബൈൽ നമ്പറുകൾ: 9778436265/9447689466

**For admission related queries, contact +91 0487 2438139 (10 a.m. to 5 p.m. on working days) or email to hqreduf@kau.in**

**പ്രവേശനവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് +91 0487 2438139 എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയും, hqreduf@kau.in എന്ന ഇമെയിൽ വിലാസത്തിൽ ഇമെയിൽ മുഖേനയും ബന്ധപ്പെടാം .**

## UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009

Ragging in Kerala Agricultural University (KAU), in any form, has been strictly banned and is a criminal offense. Before applying, all the candidates are advised to study in detail the UGC Regulations on Curbing the Menace of Ragging in Higher Educational Institutions, 2009 (https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf).

Ragging is totally prohibited in KAU institutions, and anyone found guilty of ragging and/or abetting ragging, whether actively or passively, or being a part or being a part of a conspiracy to promote ragging, is liable to be punished in accordance with these Regulations as well as under the provisions of any penal law for the time being in force.

Every student studying in KAU and his/her parents/guardians shall be required to provide the specific affidavits in accordance with clauses (d), (e) and (g) of Regulation 6.1 of these Regulations at the time of admission or registration, as the case may be, during each academic year.
The candidates are advised to contact Anti-Ragging Committee / Cell of the institution (KAU) for further information in this regard. They may visit ICAR's Agricultural Education Portal (https://education.icar.gov.in/) to reach the website of the Kerala Agricultural University/ Institution of their interest. for more information. (visit https://kau.in/)

Agri Business Incubator, Dept. of Agricultural Engineering,
College of Agriculture, Vellanikkara

ANTI RAGGING HELPLINE NUMBER: 7907 533 124

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംങ്ങ് ഭീഷണി തടയുന്നതിനുള്ള യുജിസി ചട്ടങ്ങൾ, 2009

കേരള കാർഷിക സർവ്വകലാശാലയിൽ (കെഎയു) എല്ലാ രൂപത്തിലുമുള്ള റാഗിംങ്ങും കർശനമായി നിരോധിച്ചിരിക്കുന്നു. ഇത് ക്രിമിനൽ കുറ്റമാണ്. അപേക്ഷിക്കുന്നതിന് മുമ്പ്, എല്ലാ ഉദ്യോഗാർത്ഥികളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംങ്ങ് ഭീഷണി തടയൽ, 2009' എന്നതിനെക്കുറിച്ചുള്ള യുജിസി ചട്ടങ്ങൾ വിശദമായി വായിക്കാൻ നിർദ്ദേശിക്കുന്നു.

**https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf**

കേരള കാർഷിക സർവകലാശാലയുടെ സ്ഥാപനങ്ങളിൽ റാഗിംങ്ങ് പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. റാഗിംങ്ങ് അല്ലെങ്കിൽ റാഗിംങ്ങ് പ്രോത്സാഹിപ്പിക്കുന്നതിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന ആർക്കും ഈ ചട്ടങ്ങൾക്കനുസൃതമായും നിലവിലുള്ള ഏതെങ്കിലും ശിക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും ശിക്ഷാർഹമാണ്.

കേരള കാർഷിക സർവകലാശാലയിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിയും അവന്റെ/ അവളുടെ മാതാപിതാക്കൾ/ രക്ഷിതാക്കളും ഓരോ അധ്യയന വർഷത്തിലും പ്രവേശന

സമയത്തോ രജിസ്ട്രേഷൻ സമയത്തോ ഈ ചട്ടങ്ങളിലെ റെഗുലേഷൻ 6.1 ലെ (ഡി), (ഇ), (ജി) എന്നീ വകുപ്പുകൾ അനുസരിച്ച് ആവശ്യമായ സത്യവാങ്മൂലങ്ങൾ നൽകേണ്ടതുണ്ട്.

ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിന്റെ (KAU) ആന്റി റാഗിംങ്ങ് കമ്മിറ്റിയേയോ സെല്ലിനേയോ ബന്ധപ്പെടേണ്ടതാണ്. കേരള കാർഷിക സർവ്വകലാശാലയുടേയോ അവർക്ക് താത്പ്പര്യമുള്ള സ്ഥാപനത്തിന്റേയോ വെബ് സൈറ്റിൽ എത്താൻ ICAR- ന്റെ കാർഷിക വിദ്യാഭ്യാസ പോർട്ടൽ (https://education.icar.gov.in/) സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് https://kau.in/ സന്ദർശിക്കുക

അഗ്രി ബിസിനസ് ഇങ്ക്യുബേറ്റർ, ഡിപാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീറിംഗ്,
കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളാനിക്കര

ആന്റി റാഗ്ഗിംഗ് ഹെൽപ് ലൈൻ നമ്പർ -7907 533 124